"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ മിന്നൽ പരിശോധന - തിരുവനന്തപുരം നഗരസഭയിലെ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II ശ്രീ. എൻ. രതി കുമാർ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II ശ്രീ. ഹരീഷ് കുമാർ എം. എന്നിവർക്കെതിരെ ആരംഭിച്ച അച്ചടക്ക നടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.328/2023/LSGD തീയതി,തിരുവനന്തപുരം, 04-02-2023

പരാമർശം:-
1) വിജിലൻസ് &ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 07.11.2013 തീയതിയിലെ ഇ1(എസ്.സി. 32/2013/എസ്.ആർ.റ്റി) 15915/2013 നമ്പർ കത്ത്.
2) 06.06.2014 തീയതിയിലെ 11487/ഇയു2/2014-തസ്വഭവ നമ്പർ കുറ്റാരോപണമെമ്മോ/പത്രിക.
3) നഗരകാര്യ ഡയറക്ടറുടെ 23.01.2023-തീയതിയിലെ ഡിയുഎ/7160/2022-വി1 നമ്പർ കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം നഗരസഭാ പരിധിയിൽ പ്ലാമൂട് പാലത്തിനോട് ചേർന്ന് ബോബ് പ്ലാസ (ടി.സി-12/14913) എന്ന പേരിൽ സ്ഥിതി ചെയ്യുന്ന കെട്ടിടത്തിന്റെ അടിഭാഗത്തെ നില കാർ പാർക്കിംഗ് സ്ഥലം ആയിരുന്നുവെന്നും, എന്നാൽ കോർപ്പറേഷൻ ഉദ്യോഗസ്ഥരുടെ ഒത്താശയോടു കൂടി പാർക്കിംഗ് സ്ഥലം കടയാക്കി മാറ്റിയതായും ഇതിന്റെ മുകളിൽ ഷീറ്റ് ഇട്ട് പുതിയ കടയെ ബണ്ട് റോഡ് വരെ നീട്ടിയിരിക്കുന്നതായും ഇതു കാരണം ഗതാഗത തടസ്സം ഉണ്ടാകുന്നുണ്ടെന്നും രണ്ട് മൊബൈൽ ടവറും രണ്ട് ജനറേറ്ററും അധികാരികളുടെ അനുമതി ഇല്ലാതെ പ്രവർത്തിക്കുന്നുണ്ടെന്നും, ഈ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന HDFC യുടെ ഒരു ശാഖയ്ക്ക് പാർക്കിംഗ് സ്ഥലം ഇല്ലായെന്നുമുള്ള പരാതിയിന്മേൽ 28/06/2013 ൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകളുടെ അടിസ്ഥാനത്തിൽ, നിയമാനുസൃത പരിശോധന നടത്താതെ ഷോപ്പ് നടത്തുന്നതിൽ അനുമതി പത്രം നൽകിയതിന് തിരുവനന്തപുരം നഗരസഭയിലെ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II ശ്രീ. എൻ. രതി കുമാർ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II ശ്രീ. ഹരീഷ് കുമാർ എം. എന്നിവർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി പരാമർശം (2) പ്രകാരം മെമ്മോ നൽകിയിരുന്നു.

2. പ്രസ്തുത മെമ്മോയ്ക്ക് ശ്രീ. എൻ. രതികുമാർ, ശ്രീ. ഹരീഷ് കുമാർ എന്നിവർ സമർപ്പിച്ച മറുപടി പ്രകാരം പാളയം ഹെൽത്ത് ഇൻസ്പെക്ടർ ഓഫീസിന്റെ പരിധിയിൽ വരുന്ന കുന്നുകുഴി

വാർഡിൽ പരാമർശിത കെട്ടിടത്തിന്റെ നമ്പർ റ്റി.സി-14913 നിലവിലുള്ളതായി കാണുന്നില്ലെന്നും, എന്നാൽ ടി.സി-12/149 (1) നമ്പർ കെട്ടിടത്തിൽ ഒരു മാർജിൻ ഫ്രീ കട തുടങ്ങുന്നതിനായി ശ്രീ. നൌഷാദ്.ജെ എന്ന വ്യക്തി 08/08/2012 ൽ വ്യാപാര ലൈസൻസ് അപേക്ഷയും അനുബന്ധ രേഖകളും ഹാജരാക്കിയിട്ടുള്ളതിനെ തുടർന്ന് റവന്യൂ വിഭാഗത്തിന്റെ രേഖകൾ പരിശോധിച്ചിട്ടുള്ളതും ടി കെട്ടിടം കൊമേഴ്സ്യൽ വിഭാഗത്തിൽ പെടുന്നതാണെന്നും ഗ്രൗണ്ട് ഫ്ലോറിൽ നാല് മുറികളും പാന്ട്രി, ടോയിലറ്റ് എന്നിവ ഉൾപ്പെട്ടിട്ടുള്ളതാണെന്ന് ബോദ്ധ്യം വന്നതിന്റെ അടിസ്ഥാനത്തിൽ 08/08/2012 ൽ സ്ഥലപരിശോധന നടത്തി മാർജിൻ ഫ്രീ ഷോപ്പ് ആരംഭിക്കുന്നതിന് ശിപാർശ ചെയ്തിട്ടുള്ളതും 18/08/2012 തീയതി ലൈസൻസ് ഫീസ് ഒടുക്കിയിട്ടുള്ളതുമാണെന്ന് മറുപടി സമർപ്പിച്ചിരിക്കുന്നു. മെമ്മോയിൽ സൂചിപ്പിച്ചിട്ടുള്ള ജനറേറ്ററുകൾ ബോബ് പ്ലാസ എന്ന കെട്ടിടത്തിൽ പ്രവർത്തിച്ച് വരുന്ന HDFC ബാങ്കിന്റെയും ടി കെട്ടിടത്തിന്റെ മുകളിൽ സ്ഥാപിച്ചിട്ടുള്ള മൊബൈൽ ടവറിന്റെയും ആവശ്യത്തിലേയ്ക്ക് സ്ഥാപിച്ചിട്ടുള്ളതാണ്. ജനറേറ്ററിനും മൊബൈൽ ടവറിനും ഇൻസ്റ്റലേഷൻ പെർമിഷനും പ്രവർത്തനാനുമതിയും നൽകുന്നത് കോർപ്പറേഷൻ എഞ്ചിനീയറിംഗ് വിഭാഗമാണെന്നും ടി സ്ഥാപനത്തിലെ പാർക്കിംഗ് സംബന്ധിച്ച് പരാതിയൊന്നും രേഖാമൂലം ലഭിച്ചിട്ടില്ലെന്നും മറുപടിയിൽ സൂചിപ്പിച്ചിട്ടുണ്ട്. പരാമർശിത കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന ശ്രീ. നൌഷാദിന്റെ വ്യാപാര സ്ഥാപനം 17/09/2014 ലെ H-12/114263/14 നമ്പർ ഉത്തരവ് പ്രകാരം വ്യാപാര ലൈസൻസ് റദ്ദ് ചെയ്തിട്ടുള്ളതാണ്. തുടർന്ന് ഈ കെട്ടിടത്തിൽ വ്യാപാരം നടത്തുന്നതിന് അനുമതി നൽകിയിട്ടില്ലെന്നും, ഏതെങ്കിലും തരത്തിലുള്ള വീഴ്ച സംഭവിച്ചിട്ടുണ്ടെങ്കിൽ മാപ്പാക്കി തുടർനടപടികളിൽ നിന്നും ഒഴിവാക്കണമെന്നും ടിയാളുകൾ അപേക്ഷിച്ചിരുന്നു.

3. നഗരകാര്യഡയറക്ടർ ഇക്കാര്യത്തിൽ സമർപ്പിച്ച പരാമർശം (3 ) റിപ്പോർട്ട് പ്രകാരം മേൽ വിഷയത്തിൽ വിശദമായ അന്വേഷണം നടത്തി കൊല്ലം മേഖലാ ജോയിൻറ് ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിലെ വിവരങ്ങൾ പ്രകാരം തിരുവനന്തപുരം നഗരസഭ പാളയം സർക്കിളിൽ കുന്നുകുഴി വാർഡിൽ റ്റി.സി2/149(1) നമ്പർ കെട്ടിടത്തിന് 2012 ആഗസ്റ്റ് മാസത്തിൽ ശ്രീ.നൌഷാദ്.ജെ. എന്നവർ മാർജിൻ ഫ്രീ കട നടത്തുന്നതിന് ലൈസൻസ് അപേക്ഷ സമർപ്പിക്കുകയും റവന്യൂ രേഖകൾ പരിശോധിച്ച് കൊമേഴ്സ്യൽ കെട്ടിടമാണെന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ വ്യാപാരലൈസൻസ് നൽകുകയും തുടർന്ന് 2013-14 വർഷത്തെ വ്യാപാര ലൈസൻസ് പുതുക്കുകയും ചെയ്തിട്ടുള്ളതായും എന്നാൽ 2013 അവസാന മാസങ്ങൾ മുതൽ ടി സ്ഥാപനം അടച്ചിടുകയും തുടർന്ന് കട പ്രവർത്തിക്കാത്തതിനാൽ 2014-15 വർഷത്തെ ഡി & ഒ ലൈസൻസിൽ നിന്നും ഒഴിവാക്കുകയും ചെയ്തിട്ടുള്ളതായും ടിയാന്റെ പേരിലുള്ള ലൈസൻസ് റദ്ദ് ചെയ്യണമെന്ന് എച്ച്12/114263/14 നമ്പർ പ്രകാരം ശ്രീ നൌഷാദ്. ജെ അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ സ്ഥലപരിശോധന നടത്തുകയും സ്ഥാപനം പ്രവർത്തിക്കുന്നില്ലായെന്ന് നേരിൽ ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 17/09/2014 തീയതിയിലെ എച്ച്12/114263/14 നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് റദ്ദ് ചെയ്തതായും പ്രസ്തുത റ്റി.സി 12/149(1) നമ്പർ കെട്ടിടത്തിന് നഗരസഭയിൽ നിന്നും കെട്ടിട നമ്പർ ലഭ്യമായിട്ടുള്ളതാണെന്നും എന്നാൽ അനുവദിച്ച ഒക്കുപ്പൻസിയിൽ അല്ല നിലവിൽ ടി കെട്ടിടം പ്രവർത്തിച്ചുവരുന്നതെന്നും കെട്ടിടം ഇപ്പോൾ കൊമേഴ്സ്യൽ ഒക്കുപ്പൻസിയിൽ ആണ് പ്രവർത്തിച്ചുവരുന്നതെന്നും ആയത് ബഹു സർക്കാരിൽ അയച്ച് ക്രമവൽക്കരിക്കുന്നതിനായി സമർപ്പിച്ചിരുന്ന പ്ലാനിൽ 5 പാർക്കിംഗ് ഉൾപ്പെടുത്തിയിട്ടുണ്ടെന്നും എന്നാൽ പ്രായോഗികമായി ടി സൈറ്റിൽ ഒരു പാർക്കിംഗ് മാത്രമേ കണക്കാക്കാൻ കഴിയൂ എന്നതിനാലും പാർക്കിംഗിനായി ഉദ്ദേശിക്കുന്ന സിഎഫ് ലേയ്ക്ക് കെ.എം.ബി. ആർ. പ്രകാരം ആവശ്യമായ 3.60 മീറ്റർ

പ്രവേശനമാർഗ്ഗം ഇല്ലാത്തതിനാൽ ടിയാന്റെ റഗുലറൈസേഷൻ അപേക്ഷ നിരസിച്ച് അറിയിപ്പ് നൽകിയെന്നും തുടർനടപടികൾ നടന്നുവരികയാണെന്നും റവന്യൂ രേഖകൾ പ്രകാരം പ്രസ്തുത കെട്ടിടം സ്പെഷ്യൽ റസിഡെൻഷ്യലിൽ ഉൾപ്പെടുന്നതും സ്ഥലപരിശോധനയിൽ പാർക്കിംഗ് ഏരിയ പുനസ്ഥാപിച്ചതായി കാണുന്നില്ലായെന്നും കാർ പാർക്കിംഗ് സ്ഥലം കടയാക്കി മാറ്റിയത് സംബന്ധിച്ച് പ്രസ്തുത കെട്ടിടം സ്ഥിതിചെയ്യുന്ന സ്ഥലത്ത് കാർ പാർക്കിംഗ് നിലവിൽ ഇല്ലാത്ത സ്ഥിതിയാണുള്ളതെന്നും 1st, 2nd Floor-കളിൽ ബാങ്കിംഗ് സ്ഥാപനം പ്രവർത്തിച്ചുവരുന്നതായി കാണുന്നുവെന്നും ബേസ്മെന്റ് ഫ്ളോറിലെ ജനറേറ്റർ റൂമിന്റെ കുറച്ച് ഭാഗം ടൂവീലർ പാർക്കിംഗ് ആയി ഉപയോഗിച്ചുവരുന്നതായും കെട്ടിടത്തിന് സമാന്തരമായി വരുന്ന മുൻവശത്തും സൈഡിലുമായി 5 മെറ്റൽ ഷട്ടറുകൾ സ്ഥാപിച്ച് കുറെ ഭാഗം പൂട്ടിയിട്ടിരിക്കുന്ന രീതിയിലുമാണുള്ളതെന്നും പ്ലാമൂട് പാലത്തിന് സമീപം റ്റി.സി 12/149(1) നമ്പർ കെട്ടിടത്തിൽ സ്ഥാപനം ഒന്നും തന്നെ പ്രവർത്തിക്കുന്നില്ലായെന്നും നഗരസഭാ സെക്രട്ടറി റിപ്പോർട്ട് ചെയ്തിരിക്കുന്നതായി മേഖലാ ജോയിൻറ് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിൽ പരാമർശിക്കുന്നു.

4. നഗരസഭയിൽ ഒക്കുപ്പൻസി അനുവദിക്കുന്നത് എഞ്ചിനീയറിംഗ് വിഭാഗവും അതിനനുസരിച്ച് നമ്പർ അനുവദിക്കുന്നത് റവന്യൂ വിഭാഗവും കെട്ടിടത്തിന് ലൈസൻസ് അനുവദിക്കുന്നത് ഹെൽത്ത് വിഭാഗവുമാണ്എന്നും വാണിജ്യ വിഭാഗത്തിലുള്ള കെട്ടിടത്തിന്റെ ഉപയോഗം മാറ്റുന്നതിന് അപേക്ഷ ലഭ്യമാകുന്ന മുറയ്ക്ക് ഒക്കുപ്പൻസി മാറ്റാവുന്നതും ടാക്സ് പുനർ നിർണ്ണയിച്ച് കെട്ടിടത്തിന്റെ സ്വഭാവം മാറ്റാവുന്നതാണ് എന്നും ആയതിൽ ആരോഗ്യ വിഭാഗത്തിന് പങ്കില്ലാത്തതാകുന്നു എന്നും അറിയിക്കുന്നു. വാണിജ്യ ആവശ്യത്തിനുള്ള കെട്ടിടത്തിൽ, കെട്ടിടത്തിന്റെ ഉപയോഗഗണം കണക്കാക്കി ലൈസൻസ് കൊടുക്കുന്നതിന് ആരോഗ്യ, വിഭാഗത്തിന് തടസ്സമില്ലാത്തതാകുന്നു. ഒരു കെട്ടിടത്തിന് നമ്പർ ഉണ്ടായിരിക്കുകയും നികുതി അവസാന അർദ്ധ വർഷം വരെ ഒടുക്കിയിട്ടുമുണ്ടെങ്കിൽ സാധാരണയായി ആരോഗ്യ വിഭാഗം ലൈസൻസ് നൽകാറുണ്ട്. എന്നാൽ പരിശോധനയിൽ സംശയം ഉണ്ടെങ്കിൽ ആയത് റവന്യൂ എഞ്ചിനിയറിങ് വിഭാഗങ്ങളെ അറിയിച്ച് ആയതിന്റെ നിജസ്ഥിതി ഉറപ്പുവരുത്തേണ്ടതാണ്. ഹെൽത്ത് വിഭാഗത്തിന് ഒറ്റനോട്ടത്തിൽ കെട്ടിടത്തിന്റെ ഉപയോഗക്രമം മനസ്സിലാക്കാൻ കഴിയണമെന്നില്ലായെന്നും മേഖലാ ജോയിൻറ് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്നു.

5. സ്ഥല പരിശോധന നടത്തിയാണ് ഷോപ്പ് ആരംഭിക്കുന്നതിനുള്ള അനുമതി നല്കിയതെന്നും 17/09/2014ൽ ടി ലൈസൻസ് റദ്ദ് ചെയ്തിട്ടുള്ളതാണെന്നുള്ള ശ്രീ ഹരീഷ് കുമാർ, ശ്രീ രതികമാർ എന്നിവരുടെ മറുപടി, കൊല്ലം മേഖലാ ജോയിൻറ് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ട് എന്നിവ പരിഗണിച്ചാൽ അനധികൃത നിർമ്മാണങ്ങൾ നടത്തി പാർക്കിംഗ് ഏര്യാ കടയാക്കി മാറ്റിയതിനു പിന്നിൽ ജീവനക്കാർ ഒത്താശ ചെയ്തിട്ടുള്ളതായി കാണാനാവാത്തതും മന:പൂർവ്വമായി നടപടികൾ സ്വീകരിക്കാതിരുന്നതായി അനുമാനിക്കാൻ കഴിയാത്തതുമാണ് എന്നും ലൈസൻസ് അനുവദിക്കുകയാണ് ഹെൽത്ത് വിഭാഗം ഉദ്യോഗസ്ഥർ എന്ന നിലയിൽ ശ്രീ. എൻ. രതി കുമാർ, ശ്രീ. ഹരീഷ് കുമാർ ബി എന്നിവർ ചെയ്തത് എന്ന് കാണുന്നതായും നഗരകാര്യഡയറക്ടർ റിപ്പോർട്ട് ചെയ്യുന്നു. ശ്രീ. എൻ. രതികുമാർ 28/02/2016 തീയതിയിൽ സേവനത്തിൽ നിന്നും വിരമിച്ചിട്ടുള്ളതാണ് എന്നും ടി സാഹചര്യത്തിൽ ശ്രീ. എൻ. രതി കുമാർ, ശ്രീ. ഹരീഷ് കുമാർ ബി എന്നിവർക്കെതിരെ ആരംഭിച്ച അച്ചടക്കനടപടികൾ തീർപ്പാക്കുന്നത് സംബന്ധിച്ച് സർക്കാർ തലത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളാവുന്നതാണെന്നും നഗരകാര്യഡയറക്ടർ അഭിപ്രായപ്പെട്ടിരുന്നു.

6. സർക്കാർ ഇക്കാര്യം, കൊല്ലം മേഖലാ ജോയിൻറ് ഡയറക്ടറുടെ അന്വേഷണറിപ്പോർട്ട് നഗരകാര്യഡയറക്ടറുടെ റിപ്പോർട്ട് എന്നിവ പ്രകാരം വിശദമായി പരിശോധിച്ചതിൽ നിയമാനുസൃത പരിശോധന നടത്താതെ ഷോപ്പ് നടത്തുന്നതിൽ അനുമതി പത്രം നൽകി എന്ന ആരോപണത്തിന്, ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II ശ്രീ. എൻ. രതി കുമാർ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II ശ്രീ. ഹരീഷ് കുമാർ എം എന്നിവരുടെ ഭാഗത്ത് വീഴ്ചയുണ്ടായതായി കാണുന്നില്ലായെന്നതിനാൽ ടിയാളുകളുടെ മറുപടി അംഗീകരിക്കാവുന്നതാണെന്ന് കാണുന്നു. മേൽ സാഹചര്യത്തിൽ തിരുവനന്തപുരം നഗരസഭയിലെ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II ശ്രീ. എൻ. രതി കുമാർ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II ശ്രീ. ഹരീഷ് കുമാർ എം എന്നിവർക്കെതിരായി വിജിലൻസ് റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ ആരംഭിച്ച അച്ചടക്ക നടപടിയിൽ തുടർ നടപടി ഒഴിവാക്കി അച്ചടക്കനടപടി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിന്ദുമോൾ എം
അണ്ടർ സെക്രട്ടറി

ഡയറക്ടർ (അർബൻ),തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ശ്രീ. എൻ. രതി കുമാർ, ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II, തിരുവനന്തപുരം നഗരസഭ (തദ്ദേശസ്വയംഭരണ (അർബൻ) വകുപ്പ്ഡയറക്ടർ മുഖേന)
ശ്രീ. ഹരീഷ് കുമാർ എം., ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തിരുവനന്തപുരം നഗരസഭ (തദ്ദേശസ്വയംഭരണ (അർബൻ) വകുപ്പ്ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 04-02-2023 12:42:43
സെക്ഷൻ ഓഫീസർ